(സി&ഡി) നിലവിലുള്ള സംഘങ്ങളെ പ്രതികൂലമായി ബാധിക്കാത്ത നില യ്ക്കായിരിക്കണം പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.

കൺസ്യൂമർ സഹകരണസംഘങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി

88 (1287) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ എത്ര കൺസ്യൂമർ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര കൺസ്യൂമർ സഹകരണ സംഘങ്ങൾ പ്രവർത്തന ക്ഷമമാണ് ;

(സി) പ്രവർത്തിക്കാത്തതും രജിസ്ട്രേഷൻ നിലവിലുള്ളതുമായ കൺസ്യൂമർ സഹകരണസംഘങ്ങളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) പ്രവർത്തിക്കാത്ത കൺസ്യൂമർ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കാൻ എന്തെങ്കിലും പരിപാടികൾ ആലോചിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 792 (എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട്.)

(ബി) 345 (മുന്നൂറ്റി നാല്പത്തിയഞ്ച്).

(സി) 447 (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)*

(ഡി&ഇ) പുനരുദ്ധാരണ പദ്ധതിയിൻ കീഴിൽ പ്രാഥമിക കൺസ്യൂമർ സഹ കരണസംഘങ്ങൾക്ക് മൂന്നു വർഷത്തേയ്ക്ക് ഓഹരിയിനത്തിൽ 2,70,000 രൂപയും സബ്സിഡിയായി 30,000 രൂപയും നൽകി വരുന്ന സ്കീം നിലവിലുണ്ട്. ഈ പദ്ധതിയിൻ കീഴിൽ എല്ലാ വർഷവും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹത പ്പെട്ട സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

ക്രെഡിറ്റ് മേഖലയിൽ പുതുതായി സ്ഥാപിച്ച സംഘങ്ങൾ

89 (1288) ഡോ. തോമസ് ഐസക് :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹ കരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലുള്ള ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രെഡിറ്റ് മേഖലയിൽ പുതുതായി എത്ര സംഘങ്ങൾ സ്ഥാപിക്കുകയുണ്ടായി ;

(സി) നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ അതേ ഉദ്ദേശത്തോടുകൂടി പുതിയ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകുകയുണ്ടായോ ; എങ്കിൽ എവിടെയെല്ലാം ;

(ഡി) ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അർബൻ സഹകരണ സംഘം എന്നിവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയാണ് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

കുടിശ്ശികയായിട്ടുള്ള വായ്പതുക

90 (1289) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും വിവിധ നിലയിലുള്ള വായ്പാ ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിലധികമായി കുടിശ്ശികയായിട്ടുള്ള വായ്പാ തുകയെ സംബന്ധിച്ച് കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) ഈ ബാങ്കുകൾ ഓരോന്നും, വൺ-ടൈം-സെറ്റിൽമെന്റ് സ്കീമിലുള്ള എത്ര തുകയുടെ കുടിശ്ശികകൾ ഈടാക്കുകയുണ്ടായി ;

(സി) നിലവിലുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് കുടിശ്ശികക്കാർക്ക് കുറച്ചു കൂടി സഹായകരമായ വ്യവസ്ഥകളോടു കൂടി ഈ സ്കീം നടപ്പാക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും വൺ-ടൈം സെറ്റിൽമെന്റ് സ്കീം നടപ്പാക്കുന്നുണ്ട്. പ്രൈമറി ബാങ്കുകളിൽ വീണ്ടും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സഹകരണസംഘങ്ങളിലെ സർക്കാരിന്റെ ഷെയർ പാർട്ടിസിപ്പേഷൻ

91 (1290) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൊത്തം സഹകരണ സംഘങ്ങളിലെ സർക്കാരിന്റെ ഷെയർ പാർട്ടിസിപ്പേഷൻ മൊത്തം എത്ര കോടി രൂപയുടേതാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly